(ബി&സി) കേരളത്തിലെ ഭൗമാന്തർ ഭാഗത്ത് നടക്കുന്ന വിവിധ ചലനങ്ങളുടെയും പ്രതിപ്രവർത്തനങ്ങളുടെയും വിവര ശേഖരണവും ഭൂകമ്പങ്ങളുടെ പ്രഭവ സ്ഥാനവും തീവ്രതയും കൃത്യതയോടുകൂടി അളക്കുകയും ഭ്രംശപാളികളിൽ ഉണ്ടാകുന്ന മാറ്റങ്ങളെ തിരിച്ചറിയുകയും കേരളത്തിലെ വലിയ അണക്കെട്ടായ ഇടുക്കി അണക്കെട്ടിൽ ഭൂകമ്പങ്ങളാൽ ഉണ്ടാകുന്ന ചലനങ്ങൾ നിരീക്ഷിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. തിരുവനന്തപുരത്തെ അടിയന്തരഘട്ട കാര്യ നിർവ്വഹണ കേന്ദ്രത്തിൽ (എസ്.ഇ.ഒ.സി.) നിരന്തരം വിവരം ലഭിക്കത്തക്കവിധമാണ് ഇവ സജ്ജീകരിച്ചിരിക്കുന്നത്. നിലവിൽ ഇടുക്കി അണക്കെട്ട്, ആലടി, കുളമാവ്, ചോറ്റുപാറ, മീൻകുട്ട്, വള്ളക്കടവ് എന്നീ സ്ഥലങ്ങളിൽ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 3.9 കോടി രൂപ ചെലവാക്കിയാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വൈദ്യുതി ബോർഡുമായി ചേർന്ന് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. കൂടാതെ ഒരു ഭൂകമ്പമാപിനി കൂടി വാങ്ങുവാനും നിലവിലുള്ളവ പരിപാലിക്കുവാനും സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിലെ രണ്ട് ഭൗമശാസ്ത്ര ഗവേഷകരെ പ്രസ്തുത മേഖലയിൽ പ്രാവീണ്യം ഉള്ളവരാക്കുവാൻ ദേശീയ തലത്തിലുള്ള പരിശീലനം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.

റീ-സർവ്വേ

174(1241) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീ-സർവ്വേ പൂർത്തീകരിക്കാത്ത എത്ര വില്ലേജുകളാണുള്ളത്;

(ബി) 1970 കാലഘട്ടത്തിൽ ആരംഭിച്ച റീ-സർവ്വേ നടപടി ഇതുവരെയും പൂർത്തീകരിക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണ്;

(സി) റീ-സർവ്വേ നടക്കാത്തതുകൊണ്ട് സാധാരണക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) റീ-സർവ്വേ സംസ്ഥാനത്താകെ സമയബന്ധിതമായി പൂർത്തികരിക്കാനും സർവ്വേ റിക്കാർഡുകൾ റവന്യൂവകുപ്പിനു കൈമാറുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 786 വില്ലേജുകൾ.

(ബി) ജി.ഒ.(എംഎസ്സ്.) 781/65/ആർ.ഡി ഉത്തരവ് പ്രകാരമാണ് റീ-സർവ്വേ പ്രവർത്തനങ്ങൾ ആരംഭിച്ചത്. 1988 കാലഘട്ടത്തിനുള്ളിൽ 500-ൽപരം വില്ലേജുകളുടെ റീ-സർവ്വേ നടപടികൾ അവസാന ഘട്ടത്തിൽ എത്തുകയും 13 വില്ലേജുകളുടെ റീ-സർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുകയും ചെയ്തു. എന്നാൽ റീസർവ്വേ റിക്കാർഡുകൾ നിയോഗിച്ചിരുന്ന സർവ്വേ ജീവനക്കാരെ വിവിധ സമയങ്ങളിൽ സർക്കാരിന്റെ നയപരമായ മറ്റ് സർവ്വേ ജോലികൾക്ക് നിയോഗിക്കേണ്ടിവന്നതിനാൽ സമയബന്ധിതമായി റീ-സർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറാൻ കഴിയാതെവന്നു. 1994 കാലയളവിൽ അഞ്ഞൂറോളം വില്ലേജുകളുടെ റീ-സർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറി. ടി വില്ലേജുകളിൽ റീ-സർവ്വേ സംബന്ധിച്ച് ധാരാളം പരാതികൾ ഉണ്ടാവുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

അതിനെത്തുടർന്ന് ടി പരാതികൾ പരിഹരിക്കുന്നതിനായി റീ-സർവ്വേ പരാതികൾ പരിഹരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി മുഴുവൻ സർവ്വേ ജീവനക്കാരെയും റീ-സർവ്വേ പരാതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി നിയോഗിക്കുകയും ചെയ്തു.

(സി) ഉണ്ട്.

(ഡി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 878 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യു ഭരണത്തിന് കൈമാറിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ റീ-സർവ്വേ പ്രവർത്തനം സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്.

കരുണാ എസ്റ്റേറ്റ്

175(1242) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാന്റ് ബോർഡ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിലെ ശിപാർശ പ്രകാരം കരുണാ എസ്റ്റേറ്റ് കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ഏക്കർ ഭൂമി കൈവശം വച്ചിരിക്കുന്നതായാണ് കണ്ടെത്തിയിട്ടുള്ളത് ; റവന്യൂ രേഖകൾ പ്രകാരം പ്രസ്തുത ഭൂമിയുടെ യഥാർത്ഥ ഉടസ്ഥാവകാശം ആർക്കാണ്; സർവ്വേ ടീമിന്റെ കണ്ടെത്തൽ എന്താണ് ; വിശദമാക്കുമോ;

(സി) കരുണാ എസ്റ്റേറ്റ് കൈവശം വച്ചിരിക്കുന്ന മുഴുവൻ ഭൂമിയും എങ്ങനെ ലഭ്യമായെന്നാണ് കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഭൂമി സംബന്ധിച്ച ലാന്റ് ബോർഡ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) അന്വേഷണ റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് കോടതി സ്റ്റേ ഉണ്ടോ; ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) കോടതി സ്റ്റേ നീക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർവ്വേ ടീമിന്റെ നിലവിലുള്ള റിപ്പോർട്ട് പ്രകാരം 346.12 ഹെക്ടർ (855 ഏക്കർ) ഭൂമി കരുണാ പ്ലാന്റേഷൻ ഉപയോഗിച്ചു വരുന്നതിൽ ബ്ലോക്ക് 58-ൽ സർവ്വേ നമ്പർ 162/2 pt. 164/7pt എന്നീ വെസ്റ്റഡ് ഫോറസ്റ്റായിരുന്ന ഭാഗവും 167/1pt-ൽ വരുന്ന ഗ്രീൻലാന്റ് എസ്റ്റേറ്റിൽപ്പെട്ടതുമായ 6.15 ഹെക്ടർ ഭൂമി കൂടി ഉൾപ്പെട്ടുവരുന്നതായും കണ്ടെത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly